**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2328** **30-07-2021 - ൽ മറുപടിയ്ക്ക്**

**കേരള ഫിഷറീസ് സർവകലാശാല ഡീൻ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഓർഡിനൻസിലൂടെ കേരള ഫിഷറീസ് സർവകലാശാല ഡീൻ (ഫിഷറീസ് ) തസ്തിക സൃഷ്ടിച്ചിരുന്നോ; പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് അനുബന്ധ ചട്ടങ്ങൾ നിലവിലുണ്ടോ; ചട്ടങ്ങൾ ലംഘിച്ച് പ്രസ്തുത തസ്തികയിൽ വൈസ് ചാൻസലറുടെ ഭാര്യയെ നിയമിച്ചിരുന്നോ; | (എ) | ഓർഡിനൻസിലൂടെ കേരള ഫിഷറീസ് സർവ്വകലാശാലയിൽ ഡീൻ (ഫിഷറീസ്) തസ്തിക സൃഷ്ടിച്ചിട്ടില്ല. |
| (ബി) | ഇന്റർവ്യൂവിൽ വൈസ് ചാൻസലർ പങ്കെടുത്തുവോ എന്നും ആരാണ് അദ്ധ്യക്ഷത വഹിച്ചതെന്നും അറിയിക്കുമോ; സർവ്വകലാശാല ചട്ടമനുസരിച്ച് ഫിഷറീസ് വൈസ് ചാൻസലർ അല്ലാതെ മറ്റൊരാൾ കമ്മിറ്റിയിൽ അദ്ധ്യക്ഷത വഹിച്ചത് നിയമാനുസൃതമാണോ; വ്യക്തമാക്കുമോ? | (ബി) | ഇന്റർവ്യൂവിൽ കുഫോസ് വൈസ് ചാൻസലർ പങ്കെടുത്തിരുന്നില്ല. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല വൈസ് ചാൻസലർ ആണ് അദ്ധ്യക്ഷത വഹിച്ചത്. കുഫോസ് വൈസ് ചാൻസലറുടെ ഭാര്യ അപേക്ഷകയായതിനാൽ, കുഫോസ് വൈസ് ചാൻസലറിനു പകരം മറ്റൊരു വൈസ് ചാൻസലറാണ് അദ്ധ്യക്ഷനായത്. |

സെക്ഷൻ ഓഫീസർ